# പതിമൂന്നാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 92. 06.01.2014 ന് മറുപടി നൽകേണ്ടിയിരുന്നത്.

## വനം വകുപ്പ് ആഫീസുകൾക്ക് നേരെയുണ്ടായ ആക്രമണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനം, പരിസ്ഥിതി, ഗതാഗതം, കായികം, സിനിമ, വകുപ്പുമന്ത്രി) |
| | അന്തിമ മറുപടി |
| (എ) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതിനെതിരെ നടന്ന പ്രക്ഷോഭങ്ങളിൽ എത്ര വനം വകുപ്പ് ഓഫീസുകൾക്ക് നേരെയാണ് ആക്രമണങ്ങൾ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി ആക്രമണങ്ങൾ വനം വകുപ്പിന്റെ ഓഫീസുകൾക്കു നേരെ നടന്നിട്ടുണ്ട്. ആക്രമണം ഉണ്ടായ വനം വകുപ്പിന്റെ ഓഫീസുകളുടെ വിശദ വിവരങ്ങൾ അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) വനം വകുപ്പ് ഓഫീസുകൾക്കുനേരെ നടന്ന ആക്രമണങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എവിടെയൊക്കെയാണ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ ; | (ബി) വനം വകുപ്പ് ഓഫീസുകൾക്കുനേരെ നടന്ന ആക്രമണങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |
| (സി) വനം വകുപ്പ് ഓഫീസുകൾക്കു നേരെ നടന്ന ആക്രമണങ്ങളിൽ ഓഫീസുകളിൽ സൂക്ഷിച്ചിരുന്ന രേഖകൾ നശിപ്പിക്കപ്പെട്ടതായ റിപ്പോർട്ടുകളുടെ നിജസ്ഥിതി വ്യക്തമാക്കുമോ ; | (സി) കോഴിക്കോട് ജില്ലയിൽ താമരശ്ശേരി റെയിഞ്ചിൽ 14.11.13-ന് രാവിലെ 10 മണിക്ക് ഉദ്ദേശം 500-ഓളം ആൾക്കാർ മാരകായുധങ്ങളുമായി ഓഫീസിൽ കടന്നുവരികയും ജീവനക്കാരെ ഭീഷണിപ്പെടുത്തി ഓടിക്കുകയും ചെയ്ത ശേഷം ആർ.ആർ.ടി ഓഫീസിൽ കടന്ന് ഓഫീസ്, റസ്ക്യൂ ഉപകരണങ്ങളും, ജനറേറ്ററും പഴയ രേഖകളും വാരിയിട്ടു കത്തിക്കുകയും പിന്നീട് കെട്ടിടത്തിന് തീ കൊളുത്തുകയും ചെയ്തു. തുടർന്ന് റെയിഞ്ചാഫീസിൽ കടന്നു കയറി ഓഫീസ് രേഖകളും മറ്റ് ഓഫീസ് സാമഗ്രികളും കമ്പ്യൂട്ടറും ഫർണ്ണിച്ചറും തല്ലിത്തകർക്കുകയും വാരിക്കൂട്ടി കത്തിക്കുകയും ചെയ്തു. നശിപ്പിക്കപ്പെട്ട രേഖകൾ ഏതെല്ലാമാണെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.<br>നോർത്ത് വയനാട് ഡിവിഷനിൽ ബേഗൂർ റെയിഞ്ചിന് കീഴിലെ തൃശ്ശിലേരി സെക്ഷൻ ഓഫീസിൽ അക്രമികൾ തീയിട്ടതിനെത്തുടർന്ന് വന്യജീവി ആക്രമണം മൂലമുള്ള നഷ്ടപരിഹാരത്തിന് ലഭിച്ചിരുന്ന ഏതാനും അപേക്ഷകൾ നശിച്ചു പോയിട്ടുണ്ട്.<br>കണ്ണൂർ ഡിവിഷനിൽ ആക്രമിക്കപ്പെട്ട സ്ഥലങ്ങളിൽ സർക്കാർ രേഖകൾ ഒന്നും നശിപ്പിക്കപ്പെട്ടിട്ടില്ല. |

(ഡി) വനം വകുപ്പ് ഓഫീസുകൾക്കനെരെ നടന്ന ആക്രമണങ്ങളുമായി ബന്ധപ്പെട്ട് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ഡി) ഉണ്ട്. വനം വകുപ്പ് ഓഫീസുകൾക്കുനേരെ നടന്ന ആക്രമണങ്ങളുമായി ബന്ധപ്പെട്ട് ആകെ 30 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഇ) വനം വകുപ്പ് ഓഫീസുകൾക്കനെരെ നടന്ന ആക്രമണങ്ങൾ കാരണമുണ്ടായ സാമ്പത്തിക നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ?

(ഇ) വനം വകുപ്പ് ഓഫീസുകൾക്ക നേരെ നടന്ന ആക്രമണങ്ങൾ മൂലം സർക്കാരിന് 2,86,91,500/- രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

**അനുബന്ധം - 1**

| ഡിവിഷൻ | റെയിഞ്ച് | ആക്രമണം സംഭവിച്ച സ്ഥലം/വസ്തു |
|---|---|---|
| കണ്ണൂർ | കൊട്ടിയൂർ | 1. അമ്പായത്തോട് വനസംരക്ഷണ സമിതി ഓഫീസ്.<br>2. ടൈപ്പ് II ക്വാർട്ടേഴ്സ്, പാൽച്ചുരം.<br>3. ഡ്യൂപ്ലക്സ് ക്വാർട്ടേഴ്സ്, കന്തപുനം.<br>4. സ്റ്റേഷൻ ഈസ്റ്റ് ബിൽഡിംഗ്, ചുറ്റുമതിലും ഗേറ്റും, ഫെൻസിംഗ് നിർമ്മാണ സാമഗ്രികളും, തൊണ്ടിമുതലുകളും ഉൾപ്പെടെ.<br>5. കൊട്ടിയൂർ ഈസ്റ്റ് സെക്ഷൻ ഫോറസ്റ്റാഫീസറുടെ ടൈപ്പ് II ക്വാർട്ടേഴ്സ്.<br>6. കൊട്ടിയൂർ വെസ്റ്റ് ബീറ്റ് ഫോറസ്റ്റാഫീസറുടെ ടൈപ്പ് II ക്വാർട്ടേഴ്സ്.<br>7. മണത്തണ സെക്ഷനിലെ യക്ഷിപ്പാറയിലുള്ള കെട്ടിടം. |
| കോഴിക്കോട് | താമരശ്ശേരി | 8. താമരശ്ശേരി റെയിഞ്ചാഫീസ്.<br>9. ഈങ്ങപ്പുഴ, പുറംഭാഗം, വനപർവ്വം, കനലാട് സെക്ഷൻ ഏരിയ<br>10. കാടോത്തിക്കുന്ന് വി.എസ്.എസ്. അസ്ഥാനം.<br>11. നായർകൊല്ലി സെക്ഷൻ തിരുവമ്പാടി ഹെഡ്ക്വാർട്ടേഴ്സ്.<br>12. ആനക്കാംപൊയിൽ ക്വാർട്ടേഴ്സ്.<br>13. തുഷാരഗിരി ഇക്കോടൂറിസം കേന്ദ്രം<br>14. പെരുവണ്ണാമുഴി റെയിഞ്ചാഫീസും ക്വാർട്ടേഴ്സും. |
| | പെരുവണ്ണാമുഴി | 15. പൂഴിത്തോട് വി.എസ്.എസ്.കെട്ടിടം. |
| നോർത്ത് വയനാട് | ബേഗൂർ | 16. കാട്ടിക്കുളത്തുള്ള തൃശ്ശിലേരി സെക്ഷൻ ഓഫീസിൽ അതിക്രമിച്ച് കയറി ജനൽച്ചില്ലുകൾ തകർക്കുകയും, വാതിൽ തകർത്ത് തീയിടുകയും ചെയ്തു.<br>17. 43- ാം മൈലിലെ ഫോറസ്റ്റ് ചെക്ക് പോസ്റ്റ് ആക്രമിക്കുകയും, ബോർഡ്, ക്രോസ്ബാർ എന്നിവ നശിപ്പിക്കുകയും ചെയ്തു.<br>18. വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ ആക്രമിച്ചു.<br>19. പാനോത്തുള്ള ടൈപ്പ് -II ക്വാർട്ടേഴ്സ് ആക്രമിച്ചു തീയിട്ടു.<br>20. കുഞ്ഞോം ഫോറസ്റ്റ് സ്റ്റേഷന്റെ ബോർഡും ഭിത്തികളും കല്ലെറിഞ്ഞു തകർത്തു. |

**അനുബന്ധം - 2**

| ക്രമ നം. | ഡിവിഷൻ | റെയിഞ്ച് | പോലീസ് സ്റ്റേഷൻ | എഫ്.ഐ.ആർ നമ്പർ |
|---|---|---|---|---|
| 1 | കണ്ണൂർ | കൊട്ടിയൂർ | കേളകം | 676/13 |
| 2 | കണ്ണൂർ | കൊട്ടിയൂർ | കേളകം | 679/13 |
| 3 | കണ്ണൂർ | കൊട്ടിയൂർ | കേളകം | 681/13 |
| 4 | കണ്ണൂർ | കൊട്ടിയൂർ | കേളകം | 682/13 |
| 5 | കോഴിക്കോട് | താമരശ്ശേരി | താമരശ്ശേരി | 915/13 |
| 6 | കോഴിക്കോട് | താമരശ്ശേരി | താമരശ്ശേരി | 508/13 |
| 7 | കോഴിക്കോട് | താമരശ്ശേരി | തിരുവമ്പാടി | 292/13 |
| 8 | കോഴിക്കോട് | താമരശ്ശേരി | തിരുവമ്പാടി | 293/13 |
| 9 | കോഴിക്കോട് | താമരശ്ശേരി | തിരുവമ്പാടി | 294/13 |
| 10 | കോഴിക്കോട് | താമരശ്ശേരി | തിരുവമ്പാടി | 295/13 |
| 11 | കോഴിക്കോട് | താമരശ്ശേരി | കോടഞ്ചേരി | 298/13 |
| 12 | കോഴിക്കോട് | പെരുവണ്ണാമുഴി | പെരുവണ്ണാമുഴി | 347/13 |
| 13 | കോഴിക്കോട് | പെരുവണ്ണാമുഴി | പെരുവണ്ണാമുഴി | 348/13 |
| 14 | കോഴിക്കോട് | കുറ്റ്യാടി | കുറ്റ്യാടി | 883/13 |
| 15 | കോഴിക്കോട് | കുറ്റ്യാടി | കുറ്റ്യാടി | 884/13 |
| 16 | കോഴിക്കോട് | കുറ്റ്യാടി | തൊട്ടിൽപ്പാലം | 471/13 |
| 17 | നോർത്ത് വയനാട് | ബേഗൂർ | തിരുനെല്ലി | 423/13 |
| 18 | നോർത്ത് വയനാട് | ബേഗൂർ | തലപ്പുഴ | 331/13 |
| 19 | നോർത്ത് വയനാട് | ബേഗൂർ | തലപ്പുഴ | 332/13 |
| 20 | നോർത്ത് വയനാട് | ബേഗൂർ | വെള്ളമുണ്ട | 415/13 |
| 21 | നോർത്ത് വയനാട് | ബേഗൂർ | വെള്ളമുണ്ട | 416/13 |